LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

176(5765) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണത്തിനായി സംസ്ഥാന പരിസ്ഥിതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിസ്ഥിതി സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കോളേജുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധവും പരിസ്ഥിതി സംരക്ഷണത്തിനുള്ള ജാഗ്രതയും വളർത്തി പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഭൂമിത്ര സേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ എന്നിവ വഴി സുസ്ഥിര ജീവിതം ഊർജ്ജ സംരക്ഷണത്തിലൂടെ എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് പാരിസ്ഥിതികം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

3. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തരബിരുദ തലത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പരിസ്ഥിതി പോഷിണി എന്ന ഫെലോഷിപ്പ് നടപ്പിലാക്കിവരുന്നു.

4. കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക ധനസഹായത്തോടെ തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് 'നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ' എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

5. മലിനീകരണ നിയന്ത്രണത്തിനും അതുവഴി പരിസ്ഥിതി സംരക്ഷണത്തിനുമായി എൻവയോൺമെന്റ് സർവയലൻസ് സെന്റർ സർവയലൻസ് ക്യാമറകൾ, ജല-വായു ഗുണവിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടുകൂടിയ പരിശോധനശാലകൾ, തത്സമയ ജലവായു ഗുണനിലവാരം പരിശോധിക്കുന്ന മോണിറ്ററിംഗ് സ്റ്റേഷനുകൾ മുതലായവ പ്രവർത്തിച്ചുവരുന്നു.

6. ജൈവവൈവിധ്യ സംരക്ഷണം, കായൽ സംരക്ഷണം, കണ്ടൽകാടുകൾ, ഉൾനാടൻ മത്സ്യയിനങ്ങൾ, കടലാമകൾ മുതലായവയുടെ സംരക്ഷണം ഇടങ്ങിയവയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

7. മനുഷ്യനും ജീവജാലങ്ങൾക്കുമെതിരെ ദുരന്തം സൃഷ്ടിക്കാവുന്ന കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള കേരള സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പരിസ്ഥിതി കാലാവസ്ഥാ .വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് എന്നിവ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തൽ

177(5766) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തുന്ന കാര്യത്തിൽ വനം വകുപ്പ് എന്തൊക്കെ സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) റോഡുവക്കിലും, സർക്കാർ ഭൂമികളിലുമുള്ള മരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും, പുതിയവ വച്ചു പിടിപ്പിക്കുന്ന കാര്യത്തിലും വനം വകുപ്പിനുള്ള പങ്ക് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വീതി കൂട്ടലും പുനർനിർമ്മാണവും നടത്തുന്ന റോഡുകളുടെ വശങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തികൾക്കൊപ്പം ഗതാഗതത്തിന് തടസ്സം വരാത്തവിധം അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly